പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1807 — 05.02.2019-ലെ മറുപടിക്ക്

**കെ.എസ്.ആർ.ടി.സി.യിൽ നിന്നും ദീർഘകാല അവധി എടുത്ത ജീവനക്കാർ**

ചോദ്യം
ശ്രീ.ഷാഫി പറമ്പിൽ

മറുപടി
ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി.യിൽനിന്ന് ദീർഘകാല അവധി എടുത്തശേഷം ജോലിക്ക് തിരിച്ചെത്താത്ത ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്ന ശേഷം പിരിച്ചുവിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ; | (എ) | കെ.എസ്.ആർ.ടി.സിയിൽ ദീർഘകാല അവധിക്ക് ശേഷം ജോലിക്ക് തിരിച്ചെത്താത്ത 172 ജീവനക്കാരെ ഈ സർക്കാർ നിലവിൽ വന്നശേഷം പിരിച്ചുവിട്ടിട്ടുണ്ട്.<br>ഡ്രൈവർ - 69, കണ്ടക്ടർ - 63. |
| (ബി) | കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് അവധിയെടുത്ത് രാജ്യത്തിനകത്തും വിദേശത്തും ജോലി ചെയ്യുന്നതിന് പരമാവധി എത്ര വർഷത്തെ അവധിയാണ് നിലവിൽ അനുവദിക്കുന്നത്; | (ബി) | കെ.എസ്.ആർ.ടി.സി ജീവനക്കാർ അവധിയെടുത്ത് രാജ്യത്തിനകത്തും വിദേശത്തും ജോലി ചെയ്യുന്നതിന് പരമാവധി 5 വർഷമാണ് അനുവദിക്കുന്നത്. എന്നാൽ കണ്ടക്ടർ തസ്തികയിലെ ജീവനക്കാരുടെ അഭാവം നിമിത്തം ആയതിന് നിലവിൽ അനുമതി നൽകുന്നില്ല. |
| (സി) | ഇപ്രകാരം അവധിയെടുത്തവരെ തിരിച്ചുവിളിക്കാൻ തീരുമാനിച്ചതിന്റെ കാരണം എന്താണെന്ന് വെളിപ്പെടുത്തുമോ; | (സി) | കെ.എസ്.ആർ.ടി.സിയിൽ ജീവനക്കാരുടെ അഭാവം നിമിത്തം സർവ്വീസ് മുടങ്ങുന്നതിനാൽ സർവ്വീസ് നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ജീവനക്കാരുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായാണ് ഇപ്രകാരം അവധി എടുത്തവരെ തിരിച്ചു വിളിക്കാൻ തീരുമാനിച്ചത്. |

| | | | |
|---|---|---|---|
| (ഡി) | തിരികെ ജോലിക്ക് കയറണമെന്ന നിർദ്ദേശത്തെത്തുടർന്ന് എത്രപേർ തിരികെ ജോലിയിൽ പ്രവേശിച്ചുവെന്നും അവർ ഏതൊക്കെ വിഭാഗത്തിൽപെട്ടവരാണെന്നും വിശദമാക്കുമോ? | (ഡി) | കെ.എസ്.ആർ.ടി.സി.യിൽ ദീർഘകാല അവധി എടുത്തശേഷം തിരികെ ജോലിക്ക് കയറണമെന്ന നിർദ്ദേശത്തെത്തുടർന്ന് ജോലിയിൽ പ്രവേശിച്ച 186 പേരുണ്ട്.<br>അസിസ്റ്റന്റ് ഡിപ്പോ എൻജിനീയർ - 2<br>പമ്പ് ഓപ്പറേറ്റർ - 1<br>കണ്ടക്ടർ - 74<br>ഡ്രൈവർ - 75<br>മെക്കാനിക്ക് - 30<br>മിനിസ്റ്റീരിയൽ - 3<br>ഇൻസ്പെക്ടർ - 1 |

സെക്ഷൻ ഓഫീസർ